യ്ക്കാം. ജോയിന്റായി പോയി കാണണമെങ്കിൽ കാണാം. ഏതായാലും ഇതിന് ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് ഞാൻ മനസ്സിലാക്കുന്നത് ഫുഡ് മിനിസ്റ്റേഴ്സിന്റെ ഒരു കോൺഫറൻസ് വിളിച്ചേക്കുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെയാണെങ്കിൽ നമ്മുടെ എം.പി.മാരെയെല്ലാം കൂടി കൂട്ടിക്കൊണ്ടു പോയി കാണുന്നതിനെപ്പറ്റിയും ആലോചിക്കാം. ഏതായാലും സബ്സിഡികൾ ചുരുക്കാനും ഇന്നത്തെ റേഷനിംഗ് സംവിധാനമൊക്കെ മാറ്റാനും ഒരു പോളിസിയെന്നുള്ള നിലയിൽ അവർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അത് പല പ്രാവശ്യം പരസ്യപ്പെടുത്തിയിരുന്നു. ഞാൻ ഇന്നലെ പറഞ്ഞതു പോലെ റേഷൻകടക്കാർക്ക് ഏറ്റവും കൂടുതൽ കമ്മിഷൻ രണ്ടു തവണയായി കൂട്ടിക്കൊടുത്തത് ഈ ഗവൺമെന്റിന്റെ കാലത്താണ്. കൂടാതെ കാളിറ്റിയുള്ള അരി വിതരണം ചെയ്യുന്നതിനായി പരിശ്രമിക്കുന്നുണ്ട്. അവിടെയും ഇൻഡ്യാ ഗവൺമെന്റിന്റെ ഒരു പോളിസിയുടെ കുഴപ്പമാണ്. ഏതായാലും ഇത് ഒരു ചെറിയ കാര്യമല്ല. കേരളത്തിലെ റേഷനിംഗ് സംവിധാനം എന്തായാലും തുടരുകതന്നെ വേണം. അതിനുള്ള സംവിധാനമുണ്ടാകണം. അത് എങ്ങനെയാണെന്നുള്ളത് സംബന്ധിച്ച് ഗവൺമെന്റ് വളരെ ഗാഢമായി പര്യാലോചിച്ചുകൊണ്ടിരിക്കുകയാണ്.

(7) കുറവിലങ്ങാട് കേന്ദ്രമായി സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് ഫെയർസ്റ്റേജ് നിർമ്മാണം

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഫെയർ സ്റ്റേജ് നിർണ്ണയത്തിൽ നിലവിലുള്ള അപാകതകൾ പരിഹരിക്കണമെന്ന ആവശ്യം നിരവധി പ്രാവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. ഈ കാര്യത്തിലുണ്ടായിരുന്ന നിയമപരമായ തടസ്സം പരിഹരിക്കപ്പെട്ടതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കുറവിലങ്ങാട് പ്രദേശത്തെ ആളുകൾ ഇരട്ടി ചാർജ്ജ് കൊടുത്ത് യാത്ര ചെയ്യേണ്ട സാഹചര്യം വർഷങ്ങളായി നിലനിൽക്കുകയാണ്. ഇത് മാറ്റുന്നതിന് നടപടി സ്വീകരിക്കണം. കോട്ടയം മുതൽ ഏറ്റുമാനൂർവരെ ഇപ്പോഴുള്ള സൂപ്പർ ഫാസ്റ്റിന്റെ ചാർജ്ജ് 5 രൂപയാണ്. അതേ ദൂരംതന്നെയാണ് ഏറ്റുമാനൂർ മുതൽ കുറവിലങ്ങാട്വരെ. പക്ഷേ അതുവരെ വരാൻ 11 രൂപ ചാർജ്ജ് കൊടുക്കേണ്ട സാഹചര്യമാണിന്നുള്ളത്. ഇരട്ടിയിലധികം രൂപ ചാർജ്ജ് കൊടുത്ത് ഏറ്റുമാനൂരിലേക്കും കൂത്താട്ടുകുളത്തേക്കും മറ്റ് ദൂര പ്രദേശങ്ങളിലേക്കും യാത്ര ചെയ്യേണ്ട സാഹചര്യമാണുള്ളത്. അശാസ്ത്രീയവും അന്യായവുമായ ഈ ചാർജ് കുറയ്ക്കണമെന്ന ആവശ്യം നിരവധി പ്രാവശ്യം നിവേദനമായും മറ്റും ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുള്ളതാണ്. സംസ്ഥാന തലത്തിൽ ഈ വിഷയത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ ഈ കാര്യങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂവെന്നുള്ളതുകൊണ്ട് ഫെയർ സ്റ്റേജ് നിർണ്ണയ കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് മാറ്റം വരുത്തുകയും അതോടൊപ്പം കുറവിലങ്ങാട് കേന്ദ്രമായി പുതിയ ഫെയർ സ്റ്റേജ് അനുവദിക്കുകയും ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതുപോലെതന്നെ പ്രൈവറ്റ് ബസ് ഇല്ലാത്ത കോട്ടയം-കുറവിലങ്ങാട് - മൂവാറ്റുപുഴ റൂട്ടിൽ ഇപ്പോൾ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസുകൾ മാത്രം സർവ്വീസ് നടത്തുകയാണ്. രൂക്ഷമായ യാത്രാ ക്ലേശം ജനങ്ങൾ അനുഭവിക്കുകയാണ്. മൂവാറ്റുപുഴ - കോട്ടയം റൂട്ടിൽ ഓർഡിനറി സർവ്വീസുകൾ കൂടുത

LIBRARY ARCHIVES Kerala Legislative Assembly

ലായി ആരംഭിക്കാനും ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറിയോ ഓർഡിനറി ചെയിൻ സർവ്വീസോ തുടങ്ങാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. ഇത് നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഈ കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ഇവിടത്തെ പ്രശ്നം രണ്ടാണ്. ഒന്ന്, പൊതുവിൽ ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അപാകത. മറ്റൊന്ന് സൂപ്പർഫാസ്റ്റ് സർവ്വീസുകളുടെ ഫെയർസ്റ്റേജ് ഫിക്സ് ചെയ്തിട്ടുള്ളതിൽ വന്നിട്ടുള്ള അപാകത. സൂപ്പർ ഫാസ്റ്റ് സർവ്വീസ് ദീർഘദൂര യാത്രക്കാർക്കുവേണ്ടിയാണ് നടത്തുന്നത്. അതു കൊണ്ടുതന്നെ പൊതുവെ സൂപ്പർഫാസ്റ്റ് സർവ്വീസുകൾക്ക് അടുത്തടുത്ത സ്ഥലങ്ങളിൽ ഫെയർ സ്റ്റേജുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല. ഏറ്റുമാനൂരിനും കുത്താട്ടുകുളത്തിനുമിടയ്ക്കാണ് കുറവിലങ്ങാട്. ഏറ്റുമാനൂർനിന്ന് കുത്താട്ടുകുളത്തേക്ക് 27.7 കി.മീറ്റർ ദൂരം മാത്രമാണുള്ളത്. ഇത്രയും ദൂരത്തിനുള്ളിൽ ഒരു ഫെയർസ്റ്റേജ്കൂടി അനുവദിച്ചാൽ അത് ദീർഘദൂര യാത്രക്കാർക്ക് അസൗകര്യമായിരിക്കുമെന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച സ്ഥിതിക്ക് അത് പ്രത്യേകിച്ച് പരിശോധിക്കുന്നതാണ്. ഡീസലിന്റേയും സ്പെയർപാർട്ടുകളുടെയും വിലയിലുണ്ടായ വർദ്ധനവിനെത്തുടർന്ന് സംസ്ഥാനത്തിലെ ബസ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച് പ്രൈവറ്റ് ബസുടമകൾ ഹൈക്കോടതിയിൽ സമർപ്പിച്ച കേസുകളുടെ വിചാരണവേളയിൽ സംസ്ഥാനത്തിലെ നിലവിലുള്ള ഫെയർ സ്റ്റേജുകൾ പുതുക്കി നിശ്ചയിക്കണമെന്ന് ഗവൺമെന്റിനോട് ഹൈക്കോടതി ആവശ്യപ്പെടുകയുണ്ടായി.

അപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള ഫെയർ സ്റ്റേജുകൾ കാലോചിതമായി പുതുക്കി നിശ്ചയിക്കാനായി സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയോട് ഗവൺമെന്റ് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഇത് വളരെയധികം സമയം ചെലവഴിക്കേണ്ട പ്രവൃത്തിയാണെന്നും ആയതിലേക്ക് രണ്ട് മാസത്തെ സമയം അനുവദിച്ച് ഉത്തരവാകണമെന്നും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ച് ഗവൺമെന്റ് രണ്ട് മാസത്തെ സാവകാശം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിക്ക് നൽകുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ ഫെയർ സ്റ്റേജുകളും പുതുക്കി നിശ്ചയിക്കുന്ന ജോലി പുരോഗമിച്ചു വരികയാണ്. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നവും പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്.

(8) കൊടുവള്ളി ബ്ലോക്കിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. സി. മോയിൻകുട്ടി : സർ, ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഈ സഭയിലും പുറത്തും നൽകിയിട്ടുള്ള ഉറപ്പ് പാലിക്കാത്ത സാഹചര്യത്തിൽ എന്റെ മണ്ഡലത്തിലെ കൊടുവള്ളി പഞ്ചായത്തിൽ സാർവ്വത്രികമായ പ്രക്ഷോഭ പരിപാടികൾ നടന്നുവരികയാണ്. അവിടെ ഹർത്താൽ ആചരിക്കുകയുണ്ടായി, വമ്പിച്ച പ്രക്ഷോഭങ്ങൾ ഉണ്ടായി. കൊടുവള്ളി ബ്ലോക്കിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അനുവദിക്കണമെന്ന് ഞാൻ പലതവണ ആവശ്യപ്പെട്ടു. സബ്മിഷൻ മുഖേനയും അതുപോലെതന്നെ ചോദ്യങ്ങളിലൂടെയും

LIBRARY ARCHIVES Kerala Legislative Assembly